**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5611** **24-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കൗൺസലർമാരുടെ കരാർ പുതുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിന് സേവനം ചെയ്യുന്ന സ്കൂൾ കൗൺസലർമാരുടെ കരാർ പുതുക്കൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിന് സേവനം ചെയ്യുന്ന സ്കൂൾ കൗൺസിലർമാരുടെ കരാർ സമയബന്ധിതമായി പുതുക്കുന്നതിനുള്ള നിർദ്ദേശം 26/04/2021 ലെ സർക്കാർ കത്ത് നം SJD-E2/113/2020/SJD പ്രകാരം നൽകിയിട്ടുണ്ട്. അതു പ്രകാരം സ്കൂൾ കൗൺസിലർമാരുടെ കരാർ അവസാനിക്കുന്ന തീയതി ഓരോ വർഷവും മാർച്ച് 31 ആയി ഏകീകരിച്ചിട്ടുണ്ട്. 09/07/2019-ലെ സ.ഉ(അച്ചടി) നം.81/2019/ധന ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്താവുന്നതും, വകുപ്പ് മേധാവിക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേയ്ക്കു കൂടി സേവനം ദീർഘിപ്പിച്ചു നൽകാവുന്നതും, രണ്ട് വർഷം കാലാവധിക്കുശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ, സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ജില്ലാ ശിശു സംരക്ഷണ ഓഫീസർ കൺവീനറായും, ജില്ലാ വനിതാ ശിശു വികസന ഓഫീസർ ചെയർപ്പേഴ്സനും പ്രോഗ്രാം ഓഫീസർ അംഗവുമായ ജില്ലാതല കമ്മിറ്റി കൂടി സ്കൂൾ കൗൺസിലർമാരുടെ സേവനദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്ത് ലഭ്യമാകുന്ന ലിസ്റ്റ് പ്രകാരമുള്ളവരുടെ കരാർ കാലാവധിയാണ് ദീർഘിപ്പിച്ചു നൽകിവരുന്നത്. |
| (ബി) | സാങ്കേതിക കാരണങ്ങളാൽ കരാർ പുതുക്കാൻ കഴിയാതെ വരികയും ദിവസ വേതനത്തിൽ തുടരുകയും ചെയ്യുന്ന കൗൺസലർമാർക്ക് കരാർ പുതുക്കി നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | പരിഗണനയിലുണ്ട്. സാങ്കേതിക കാരണങ്ങളാൽ കരാർ പുതുക്കാൻ കഴിയാത്ത ദിവസവേതനത്തിൽ തുടരുന്ന സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കുന്ന വിഷയം ആവശ്യകതയുടെ അടിസ്ഥാനത്തിൽ വകുപ്പ് ഡയറക്ടർ തലത്തിലും |

| | | | |
|---|---|---|---|
| | | | സർക്കാർ തലത്തിലും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്ന ആളുകൾക്ക് സേവന വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർ തസ്തികയിൽ ജോലിചെയ്യുന്ന സ്കൂൾ കൗൺസിലർമാരുടെ ഹോണറേറിയം 08/09/2021-ലെ സ.ഉ (സാധാ) നം. 20/2021/WCDD ഉത്തരവ് പ്രകാരം 24,000/- രൂപയാണ്. സ്കൂൾ കൗൺസിലർമാരുടെ സേവന കാലയളവ് വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | സോഷ്യോ-സൈക്കോ കൗൺസലർമാരുടെ സേവനം കൂടുതൽ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ തെരഞ്ഞെടുത്തിട്ടുള്ള 1012 സ്കൂളുകളിലാണ് സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ സേവനം നൽകിവരുന്നത്. സ്കൂൾ കൗൺസിലർമാരുടെ സേവനം തെരഞ്ഞെടുത്ത 1012 സ്കൂളുകളിൽ കൂടി വ്യാപിപ്പിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത കൗൺസലർമാർ ജോലി സ്ഥലത്തുണ്ടാകുന്ന അപകടങ്ങളെ തുടർന്ന് അവധിയിൽ പ്രവേശിക്കുമ്പോൾ അവരുടെ കരാർ പുതുക്കി നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്താൻ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | 22/02/2023-ന് ബഹു.ആരോഗ്യവും വനിത ശിശു വികസനവും വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗതീരുമാനം ഇനം 2 പ്രകാരം ജോലിസ്ഥലത്തുണ്ടാകുന്ന അപകടങ്ങളെ തുടർന്ന് അവധിയിൽ പ്രവേശിക്കുന്ന കരാർ ജീവനക്കാരുടെ കരാർ പുതുക്കി നൽകുന്ന വിഷയം നിലിവിലെ മാനദണ്ഡങ്ങൾ പാലിച്ച് വ്യക്തിഗത കേസുകളായി പരിഗണിച്ച് ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ യുക്തമായ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ